**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1193** **12-06-2024 - ൽ മറുപടിയ്ക്ക്**

**മുതലപ്പൊഴി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ മുതലപ്പൊഴിയിൽ എത്ര മത്സ്യത്തൊഴിലാളികൾ അപകടത്തിൽപ്പെട്ടിട്ടുണ്ടെന്നും അതിൽ എത്ര പേർക്ക് മരണം സംഭവിച്ചിട്ടുണ്ടെന്നുംവ്യക്തമാക്കുമോ; | (എ) | മുൻ സർക്കാരിന്റെ കാലം അതായത് 2016 ജൂൺ മുതൽ നാളിതുവരെ മുതലപ്പൊഴി ഹാർബറിൽ നിന്നും മത്സ്യബന്ധനത്തിന് പോയ മത്സ്യത്തൊഴിലാളികളിൽ അഴിമുഖത്തും കടലിലും വച്ചുണ്ടായ അപകടങ്ങളിലായി 46 പേർ മരണമടഞ്ഞിട്ടുണ്ട്. ഇതിൽ 23 പേർ മുതലപ്പൊഴി ഹാർബർ അഴിമുഖത്തും ബാക്കി 23 പേർ കടലിൽ മറ്റ ഭാഗങ്ങളിൽ വച്ചുമാണ് മരണപ്പെട്ടിട്ടുള്ളത്. മുതലപ്പൊഴി ഹാർബർ അഴിമുഖത്ത് അപകടത്തിൽപ്പെട്ട് 21 മത്സ്യത്തൊഴിലാളികൾ മരണമടയുകയും 2 പേരെ കാണാതാവുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഇതിൽ എത്ര കുടുംബങ്ങൾക്കും അപകടത്തിൽ പരിക്കേറ്റവർക്കും നഷ്ടപരിഹാരം നൽകിയിട്ടുണ്ട്; ഓരോരുത്തർക്കും നൽകിയ നഷ്ടപരിഹാരത്തിന്റെ വിശദാംശം അറിയിക്കാമോ; ണ്ട് ; | (ബി) | 25.05.2016 മുതൽ മുതലപ്പൊഴിയിൽ അപകടത്തിൽപ്പെട്ട 13 തൊഴിലാളികളുടെ അനന്തരാവകാശികൾക്ക് മത്സ്യത്തൊഴിലാളി ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരവും മത്സ്യഫെഡ് മുഖേന നടപ്പാക്കി വരുന്ന ഇൻഷ്വറൻസ് പദ്ധതി പ്രകാരം 4 തൊഴിലാളികളുടെ അനന്തരാവകാശികൾക്കും ധനസഹായം അനുവദിച്ചിട്ടുണ്ട്. മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ പേരും അനുവദിച്ച തുകയും അനുബന്ധം-1 ആയി ചേർക്കുന്നു. |
| (സി) | ഇനിയും നഷ്ടപരിഹാരം ലഭിച്ചിട്ടില്ലാത്ത എത്ര പേരുണ്ടെന്ന് വ്യക്തമാക്കുമോ; | (സി) | നഷ്ട പരിഹാരം ലഭിച്ചിട്ടില്ലാത്തവരുടെ എണ്ണം -10<br><br>(എ) മത്സ്യത്തൊഴിലാളി പട്ടികയിൽ പേര് ഉൾപ്പെടാത്തതിനാൽ ഇൻഷ്വറൻസ് ക്ലെയിം ലഭിക്കാത്തവർ - 07<br><br>(ബി) മത്സ്യബന്ധനത്തിനിടെ കാണാതായവർ - 02<br><br>(സി) ഇൻഷ്വറൻസ് ക്ലെയിം അപേക്ഷ സമർപ്പിക്കാത്തവർ - 01<br><br>ക്ഷേമനിധി ബോർഡിൽ അംഗത്വമില്ലാത്തവരുടെ ആശ്രിതർക്ക് CMDRF മുഖേനയും നഷ്ടപരിഹാരം |

| | | | |
|---|---|---|---|
| | | | നൽകി വരുന്നുണ്ട്. |
| (ഡി) | മുതലപ്പൊഴി സംരക്ഷണത്തിനായി ഈ സർക്കാരിന്റെ കാലയളവിൽ ഓരോ ബജറ്റിലും എത്ര രൂപ നീക്കിവെച്ചിട്ടുണ്ട്; എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ? | (ഡി) | മുതലപ്പൊഴി സംരക്ഷണത്തിനായി ഈ സർക്കാരിന്റെ കാലയളവിൽ ഓരോ ബജറ്റിലും നീക്കിവെച്ചിട്ടുള്ള തുക ഹാർബർ എഞ്ചിനിയറിംഗ് വകുപ്പ് മുഖാന്തിരം ചെലവഴിച്ചിച്ച തുക എന്നിവയുടെ വിവരങ്ങൾ അനുബന്ധം-2 ആയി ചേർക്കുന്നു.<br><br>കൂടാതെ മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ വടക്കു ഭാഗത്തുള്ള താഴംപള്ളി തീരത്തിന്റെയും കഠിനംകുളം കായലിന്റെയും തീരസംരക്ഷണ പ്രവൃത്തിക്കായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 26.51 കോടി രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം -1**</u>

| ക്രമ നം | പേര്, വിലാസം | മരണ തീയതി | അപകട സ്ഥലം | അനുവദിച്ച ഇൻഷ്വറൻസ് തുക |
|---|---|---|---|---|
| 1 | ജോൺസൻ S/0 ജോസഫ് നിഷ കോട്ടേജ്, ശാന്തിപുരം, കഠിനംകുളം, തിരുവനന്തപുരം | 27.06.2016 | Muthalapozhi mouth | Rs 5,00,000/- |
| 2 | വിക്ടർ S/0 ജോസഫ് പ്രിൻസി കോട്ടേജ്, പുതുകുറിച്ചി തിരുവനന്തപുരം | 06.08.2017 | Muthalapozhi mouth | Rs 5,00,000/- |
| 3 | പനിയടിമ S/o പീറ്റർ തെക്കും മുറി, പണ്ടകശാല അഞ്ചുതെങ്ങ് തിരുവനന്തപുരം | 13.07.2018 | Muthalapozhi mouth | Rs 10,00,000/- |
| 4 | വർഗ്ഗീസ് അത്തനാസ് പുതുവൽ പുരയിടം പള്ളിക്കുടം മേക്ക മുറി അഞ്ചുതെങ്ങ്, തിരുവനന്തപുരം | 13.07.2018 | Muthalapozhi mouth | Rs 10,00,000/- |
| 5. | റോക്കി S/o ബഞ്ചിനോസ് നീനു കോട്ടേജ്, പൂത്തുറ, അഞ്ചുതെങ്ങ് തിരുവനന്തപുരം | 12.08.2019 | Muthalapozhi mouth | Rs 10,00,000/- |
| 6. | ലാസർ S/o തോമസ് കുന്നുംപുറം പി.ഒ അഞ്ചുതെങ്ങ്, തിരുവനന്തപുരം | 12.08.2019 | Muthalapozhi mouth | Rs 10,00,000/- |
| 7. | ഷാജി S/o ജോൺ പുതുവൽ പുരയിടം, അഞ്ചുതെങ്ങ്, തിരുവനന്തപുരം | 16.04.2021 | Muthalapozhi mouth | Rs 10,00,000/- |
| 8. | സാജു S/o ജോസഫ് തൈവിളാകം, അഞ്ചുതെങ്ങ് തിരുവനന്തപുരം | 27.05.2021 | Muthalapozhi mouth | Rs 10,00,000/- |
| 9. | ഷാനവാസ് s/o മുഹമ്മദ് ഹനീഫ, ഗ്രാലിക്കുന്ന്, ചിലക്കൂർ, വർക്കല, തിരുവനന്തപുരം | 05.09.2022 | Muthalapozhi mouth | Rs 10,00,000/- |
| 10. | റോബിൻ S/o എഡ്വിൻ, തെരുവിൽ തൈവിളാകം, പുതുക്കുറിച്ചി, തിരുവനന്തപുരം | 10.07.2023 | Muthalapozhi mouth | Rs 10,00,000/- |
| 11. | സുരേഷ് ഫെർണാണ്ടസ് S/o സ്റ്റീഫൻ, തെരുവിൽ തൈവിളാകം, പുതുക്കുറിച്ചി, തിരുവനന്തപുരം | 10.07.2023 | Muthalapozhi mouth | Rs 10,00,000/- |
| 12. | കുഞ്ഞുമോൻ S/o സിസിൽ, തെരുവിൽ | 10.07.2023 | Muthalapozhi mouth | Rs 10,00,000/- |

| | | | | |
|---|---|---|---|---|
| | തൈവിളാകം,<br>പുതുക്കുറിച്ചി,<br>തിരുവനന്തപുരം | | | |
| 13. | ബിജു S/o ആൻറണി,<br>തെരുവിൽ തൈവിളാകം,<br>പുതുക്കുറിച്ചി,<br>തിരുവനന്തപുരം | 10.07.2023 | Muthalapozhi mouth | Rs 10,00,000/- |
| ആകെ | | | | 1,20,00,000/- |

**<u>മത്സ്യഫെഡ് വഴി ഇൻഷുറൻസ് ആനുകൂല്യം നൽകിയതിന്റെ വിശദാംശങ്ങൾ</u>**

| ക്രമ. നം | പേരും മേൽവിലാസവും | മരണ തീയതി | അപകട സ്ഥലം | അനുവദിച്ച ഇൻഷുറൻസ് തുക |
|---|---|---|---|---|
| 1 | ജോർജ്ജ് ക്ലാരൻസ്<br>പള്ളിക്കുടം, മെക്കുംമുറി,<br>അഞ്ചുതെങ്ങ് | 15/03/2017 | മുതലപ്പൊഴി | 5,00,000/- രൂപ |
| 2 | ദാസൻ<br>കുന്നുംപുറം, അഞ്ചുതെങ്ങ് | 02/06/2018 | മുതലപ്പൊഴി | 10,00,000/- രൂപ |
| 3 | വർഗ്ഗീസ്,<br>മേക്കുമുറി, അഞ്ചുതെങ്ങ് | 13/07/2018 | മുതലപ്പൊഴി | 10,10,000/- രൂപ |
| 4 | പനിയടിമ പീറ്റർ<br>പണ്ടകശ്ശാല തെക്കുമുറി<br>അഞ്ചുതെങ്ങ് | 13/07/2018 | മുതലപ്പൊഴി | 10,02,500/- രൂപ |

## അനുബന്ധം – 2

മുതലപ്പൊഴി മാസ്റ്റർ പ്ലാൻ തയ്യാറാക്കലുമായി ബന്ധപ്പെട്ട് 2023-24 സാമ്പത്തിക വർഷത്തിൽ 4405-00-104-28-00-PV എന്ന ശീർഷകത്തിൽ 50 ലക്ഷം രൂപ അനുവദിച്ചിരുന്നു. ഇതു പ്രകാരം മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ താഴമ്പള്ളി, പെരുമാതുറ ഭാഗങ്ങളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും പൂനെ ആസ്ഥാനമായുള്ള സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷൻ പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ മുതലപ്പൊഴിയിലെ നിലവിലെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുന്നതിലേക്കുള്ള അന്തിമ പഠന റിപ്പോർട്ട് 2024 ഫെബ്രുവരി മാസം ലഭിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 164 കോടി രൂപയുടെ പദ്ധതി രൂപരേഖ PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതിയ്ക്കായി കേന്ദ്രസർക്കാരിലേയ്ക്ക് സമർപ്പിക്കുകയുമുണ്ടായി. ഭരണാനുമതി ലഭ്യമാകാത്തതിനാൽ ടി ശീർഷകത്തിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല. ഈ സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല.

2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ വിവിധ ശീർഷകങ്ങളിലായി മുതലപ്പൊഴി മത്സ്യബന്ധനതുറമുഖത്ത് ഭരണാനുമതി നൽകിയ പ്രവൃത്തികളുടേയും ചെലവഴിച്ച തുകയും സംബന്ധിച്ചുള്ള പട്ടിക ചുവടെചേർക്കുന്നു.

| | ശീർഷകം | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക (ലക്ഷം) | ചെലവഴിച്ച തുക (ലക്ഷം) |
|---|---|---|---|---|
| **2022-23** | | | | |
| 1 | 2405-00-103-73 Surveys studies and investigation for fisheries infrastructure | Mathematical model studies for wave transformation, shoreline changes, hydrodynamics & sedimentation at Muthalappozhy Fishing Harbour - CWPRS | 37.454 Lakhs (HECE/49670/2021/DR8 Dated 30/12/2022 ) | 37.454 |
| **2023-24** | | | | |
| 2 | 2405-00-103-73 Surveys studies and investigation for fisheries infrastructure | Muthalapozhy Fishing Harbour- Mathematical Model Studies-Investigation and Data collection- Investigation Work by HED | 32.00 lakhs (AS/270/23/26310 Dated.03/04/2023 ) | 18.29 |
| 3 | 2405-00-103-73 Surveys studies and investigation for fisheries infrastructure | Field data collection for Mathematical model studies for hydrodynamics and siltation for Muthalapozhy | 24.30 lakhs (HECE/49670/2021/DR8 Dated. 13/09/2023) | 24.30 |

| | | | | |
|---|---|---|---|---|
| | | Fishing Harbour ,Thiruvananthapuram District ,Kerala- by CWPRS | | |
| 4 | 4405-00-103-94- Upgradation of coastal road | Upgradation of road to the Northern breakwater in Thazhampally side Muthalappozhy Fishing Harbour | 57.20 lakhs (AS/270/23/29471 Dated.07/08/2023- Work completed) | 0.00 |
| 5 | 4405-00-104-37- Capital Repairs and Maintenance Dredging of Fishing Harbours | Supply Installation Testing and Commissioning of Solar Standalone Flood Light minimast system at the breakwaters of Muthalapozhy Fishery Harbour | 15.00 lakhs (Order No.E1/109898/2023/CE As no.4/2023-24/CE Dated.07/08/2023) | 14.99 |
| 6 | 4405-00-104-37- Capital Repairs and Maintenance Dredging of Fishing Harbours | Supply Installation Testing and Commissioning of Solar Standalone Flood Light minimast system at the breakwaters of Muthalapozhy Fishery Harbour - II stage | 15 lakhs (Order No.E1/128577/2023/CE Dated.07/12/2023) | 0.00 |
| 7 | 4405-00-104-28- 0-0-0-PV-Muthalapozhy Master plan | GENERAL-Expansion of Muthalapozhy harbour-CRZ clearance and EIA study-Investigation Work-1 | 38.1 lakhs (AS/270/23/34099 Dated-25.03.2024 ) | 0.00 |
| **2024-2025** | | | | |
| **Nil** | | | | |